No.10/2018/SRG/LSGD(2)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.05.2018 ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പങ്കെടുത്തവരുടെ പേര് വിവരം ഹാജർ രജിസ്റ്റർ പ്രകാരം .

### 1.പൊതു അവലോകനം

1.1 2018-19 പദ്ധതി നിർവഹണം സംബന്ധിച്ച് പൊതുവായി യോഗം അവലോകനം ചെയ്തു. ലൈഫ് മിഷൻ പരിപാടി യോഗം പ്രത്യേകമായി അവലോകനം ചെയ്തു. പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| വകുപ്പ്/സ്ഥാപനം | പൂർത്തീകരിക്കാനുള്ള ഭവനങ്ങളുടെ എണ്ണം | പൂർത്തീകരിച്ചവ | ശതമാനം | ഇനി പൂർത്തീകരിക്കാനുള്ളത് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 9448 | 5090 | 54 | 4358 |
| ബ്ലോക്ക് പഞ്ചായത്ത് | 20253 | 12245 | 60 | 8008 |
| ജില്ലാ പഞ്ചായത്ത് | 418 | 68 | 16 | 350 |
| മുനിസിപ്പാലിറ്റി | 4232 | 1865 | 44 | 2367 |
| കോർപ്പറേഷൻ | 4595 | 2612 | 57 | 1983 |
| പട്ടികജാതി വികസന വകുപ്പ് | 5935 | 1842 | 31 | 4093 |
| പട്ടികവർഗ്ഗ വികസന വകുപ്പ് | 12737 | 6960 | 55 | 5777 |
| മത്സ്യ വകുപ്പ് | 419 | 249 | 59 | 170 |
| ന്യൂനപക്ഷ ക്ഷേമവകുപ്പ് | 99 | 28 | 28 | 71 |

1.2 പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഭവനങ്ങളുടെ പൂർത്തീകരണ ജോലി വേഗത്തിലാക്കണമെന്ന് യോഗം നിർദ്ദേശിച്ചു. പട്ടികജാതി വികസനവകുപ്പിന്റെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പട്ടികയിൽ നിന്ന് 4309 വീടുകളെ ഒഴിവാക്കിയിട്ടുണ്ട്. ഇതിന്റെ നടപടിക്രമം പുനഃപരിശോധിക്കേണ്ട താണെന്ന് യോഗം നിരീക്ഷിച്ചു. ഇത്തരം കാര്യങ്ങൾ ബഹു. പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനിച്ചു. ലൈഫ് മിഷൻ പ്രവർത്തനം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പടക്കം മറ്റു വകുപ്പുകളുമായും മിഷനു കളുമായും കൂടിയാലോചിച്ച് പ്രവൃത്തിക്കണം.

ഭവനങ്ങളുടെ പൂർത്തീകരണ പുരോഗതി വയനാട് ജില്ലയിൽ വളരെ കുറവാണ്. (36 ശതമാനം). ഈ ജില്ലയിൽ പ്രത്യേക ഇടപെടൽ നടത്താനും ബന്ധപ്പെട്ട

തദ്ദേശഭരണ സ്ഥാപനം/വകുപ്പ് മേധാവികളെക്കൂടി ഉൾപ്പെടുത്തി അവലോകന യോഗം നടത്താനും തീരുമാനിച്ചു.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ
5) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

1.3 ഗ്രാമപ്രദേശത്ത് പുതുതായി 10 വീടുകളും മുനിസിപ്പാലിറ്റികളിൽ 2041 വീടുകളും ഇതിനകം നിർമ്മിച്ചിട്ടുണ്ട്.

## 2. തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.1 ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടിക്ക് പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനുള്ള കരട് മാർഗ്ഗരേഖ സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി നൽകിയിട്ടുണ്ട്. രണ്ട് ദിവസത്തിനകം ഇത് ഉത്തരവായി ഇറക്കും.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

### 2.2 05.03.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 4.14**

**തൊടുപുഴ നഗരസഭയിലെ ആസൂത്രണസമിതി അംഗങ്ങളായ ശ്രീ. പി.എം. നാരായണൻ, സോമശേഖരൻ പിള്ള എന്നിവർ നൽകിയ കത്ത് (ലഭിച്ചത് 19.02.2018)**

വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണസമിതി യോഗങ്ങൾ എന്നിവ വിളിക്കുന്നില്ലെന്നും ആസൂത്രണ നടപടിക്രമങ്ങൾ വേണ്ട രീതിയിൽ പാലിക്കുന്നില്ലെന്നും അറിയിച്ചിരുന്നു. ഇതു പരിശോധിച്ച് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് അവതരിപ്പിച്ചു. പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു. ഇത് മുനിസിപ്പൽ സെക്രട്ടറി വ്യക്തിപരമായി ഉറപ്പുവരുത്തണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
2) നഗരകാര്യ ഡയറക്ടർ

**ഖണ്ഡിക 4.29**

**വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.01.2018-ലെ കത്ത്**

2017-18 വർഷം താഴെപ്പറയുന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രോ.നം. 70/18 പുത്തൻചിറ സി.എച്ച്.സി.യിൽ ഗ്രിഡ് സംവിധാനത്തോടുകൂടിയ സോളാർ പാനൽ സ്ഥാപിക്കൽ - അടങ്കൽ 20.00 ലക്ഷം രൂപ

ഈ പ്രോജക്ട് മുണ്ടൂർ IRTC (പാലക്കാട് ജില്ല) മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്ഥാപനം ANERT ന്റെ എം. പാനൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നതിനാൽ നിർവഹണം ഈ സ്ഥാപനത്തെ ഏൽപ്പിക്കാൻ മെഡിക്കൽ ഓഫീസർ തയ്യാറാകുന്നില്ല. IRTC മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച് ANERTന്റെ അഭിപ്രായം ആരായാൻ ഗ്രാമവികസന കമ്മിഷണറെ ചുമതല

പ്പെടുത്തിയിരുന്നു. പ്രോജക്ട് ഉപേക്ഷിച്ചതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് ഗ്രാമവികസന കമ്മീണഷർ അറിയിച്ചു. അതിനാൽ വിഷയം പരിഗണിക്കുന്നില്ല.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**ഖണ്ഡിക 4.56**

**പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.11.2017-ലെ 358/17-ാം നമ്പർ കത്ത്**

2017 ഏപ്രിൽ, മെയ് മാസങ്ങളിലായി കുടിവെള്ള വിതരണത്തിന് 22,91,100/- ചെലവായി. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്. സർക്കാർ അനുവദിച്ചു നൽകിയ തുകയെക്കാൾ കൂടുതലാണ്. അധിക തുക നൽകാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതനുസരിച്ച് അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**ഖണ്ഡിക 4.68**

**Diploma in Community Based Rehabilitation Course പാസായവരുടെ അപേക്ഷ (LSGD- DA1-552/2017 - LSGD)**

പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ബഡ്സ് സ്കൂളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ഡിപ്ലോമ ഇൻ കമ്മ്യൂണിറ്റി ബെയസ്ഡ് റിഹാബിലിറ്റേഷൻ (ഏക വർഷ കോഴ്സ്)എന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ല. DCBR പാസായവരെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് സാമൂഹ്യനീതി ഡയറക്ടറുടെ കൂടി അഭിപ്രായമാരാഞ്ഞ് കുടുംബശ്രീ മിഷൻ ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് നൽകണം.

നടപടി:- എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ

**ഖണ്ഡിക 4.85**

**ബഹു. കയ്പമംഗലം എം.എൽ.എയുടെ 29.01.2018-ലെ കത്തും ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.01.2018-ലെ A2 - 4155/18-ാം നമ്പർ കത്തും 04.01.2018-ലെ 2-ാം നമ്പർ ഭരണസമിതി തീരുമാനവും**

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ഈവർഷം 16,35,700/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. 24 ഹരിത കർമ്മ സേനാംഗങ്ങൾക്ക്6 മാസത്തെ വേതനം, വണ്ടിവാടക, പരിശീലനം, യൂണിഫോം എന്നിവയ്ക്ക് വയബിലിറ്റി ഫണ്ടായാണ് തുക വകയിരുത്തിയിരിക്കുന്നത്. 24 ഹരിതകർമ്മ സേനാംഗങ്ങളും സൂപ്പർവൈസറും പട്ടികജാതി വിഭാഗക്കാരാണ്. ഈ യൂണിറ്റിന്റെ കെട്ടിടവും, മെഷീനും SCSP ഫണ്ടുപയോഗിച്ചാണ് വാങ്ങിയത്. അതിനാൽ പട്ടികജാതി വനിതകളെ മാത്രം ഉൾപ്പെടുത്തി ഈ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ അനുമതി സംബന്ധിച്ച്. അനുമതി നൽകാവുന്നതാണെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ പ്രതിനിധി അറിയിച്ചതനുസരിച്ച് അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**ഖണ്ഡിക 4.90**

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 02.02.2018-ലെ AG-5663/17-ാം നമ്പർ കത്ത്**

2017-18 വർഷം സ്പിൽ ഓവറായി തുടരുന്നതും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനുമായ 16 പദ്ധതികളുണ്ട്. (2015-16-ൽ ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചത്) ഇവയിൽ 6 എണ്ണത്തിന് ഈ വർഷം ജനുവരിയിൽ ജില്ലാ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകി. 10 എണ്ണത്തിന് ഇതുവരെയും അനുമതി ലഭിച്ചില്ല. 2016-17-ലെ ഈ പ്രോജക്ടുകൾ ഇതു മൂലം നടപ്പാക്കാൻ കഴിയുന്നില്ല. ഇതിന്മേൽ നടപടി സംബന്ധിച്ച്

തീരുമാനം:- സാങ്കേതികാനുമതി ലഭിക്കാത്ത പ്രോജക്ടുകൾ (10 എണ്ണം) ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു. പുതിയ പ്രോജക്ടായി ഉൾപ്പെടുത്താവുന്നതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**ഖണ്ഡിക 4.97**

**അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2018-ലെ കത്ത്**

2008-09 വനിതാ ഘടക പദ്ധതി ഫണ്ടും എസ്.സി.എസ്.പി ഫണ്ടും ഉപയോഗിച്ച് ഒരു വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിർമ്മിച്ചു. ഇതിന്റെ മുകളിലത്തെ നിലയിൽ പട്ടികജാതി വിഭാഗക്കാർക്ക് ഒരു സാംസ്കാരിക നിലയം പണിതു. ഈ ഭാഗം കെ.എസ്.ഇ.ബി-ക്ക് പ്രതിമാസം 11,000/- രൂപ വാടകയ്ക്ക് നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്. ഇതിനു പകരമായി പഞ്ചായത്ത് ഓഫീസിനു മുകളിൽ പണിയുന്ന ഓഡിറ്റോറിയം പട്ടികജാതി വിഭാഗക്കാർക്ക് അവരുടെ ആവശ്യമനുസരിച്ച് യോഗത്തിനും മറ്റുമായി സൗജന്യമായി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

തീരുമാനം :- ഇത് പരിഗണിക്കാവുന്നതല്ല എന്ന് പട്ടികജാതി വികസന ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. അനുമതി നിരസിക്കുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**ഖണ്ഡിക 4.105**

**പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.02.2018-ലെ C4-01/17-ാം നമ്പർ കത്ത്.**

സ്ട്രീറ്റ് ലൈറ്റിന് സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് അനെർട്ട് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. എസ്റ്റിമേറ്റ് തുക 24.00 ലക്ഷം രൂപ. ഇതിന് 10 ശതമാനം സർവ്വീസ് ചാർജ്ജടക്കം 26.40 ലക്ഷം രൂപ അനെർട്ടിന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച് അനെർട്ട് ഡയറക്ടറുടെ അഭിപ്രായമാരാഞ്ഞ് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2)പഞ്ചായത്ത് ഡയറക്ടർ

**ഖണ്ഡിക 4.106**

**സർക്കാർ ഫയൽ നമ്പർ LSGD -AC2/4/2018- LSGD**

എല്ലാ ജില്ലാ പഞ്ചായത്തിലേയും അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും , സെക്രട്ടറി, ഫിനാൻസ് ഓഫീസർ എന്നിവർക്കും സാംഖ്യ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിൽ പരിശീലനം നൽകുന്നതു സംബന്ധിച്ച്. പരിശീലനത്തിനുള്ള കലണ്ടർ തയ്യാറായിട്ടുണ്ടെന്ന് ഐ.കെ.എം. പ്രതിനിധി അറിയിച്ചു.

നടപടി:-1) തദ്ദേശസ്വയംഭരണ (എ.സി) വകുപ്പ്

**ഖണ്ഡിക 4.110**

**പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.01.2018-ലെ കത്ത്**

2016-17-ൽ ശുചിത്വ മേഖലയിൽ ബയോഡൈജസ്റ്റർ പോട്ട് എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. കഴിഞ്ഞ വർഷം ഇതിന് സാങ്കേതികാനുമതി ലഭിച്ചില്ല. ഈ വർഷം സ്പിൽഓവറായി തുടരുന്നു. ഇതിന് ശുചിത്വ മിഷനിൽ നിന്ന് സാങ്കേതികാനുമതി ലഭിക്കുന്നില്ല. ഇത് സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ശുചിത്വ മിഷൻ ഡയറക്ടർ നൽകണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

**2.3 21.03.2018 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം നടപടിസ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 4.18**

**ആന്തൂർ നഗരസഭാ ചെയർപേഴ്സന്റെ 07.03.2018-ലെ കത്ത്**

പാലിയേറ്റീവ് നേഴ്സിനെ തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂവിൽ ANM/GNM BSc Nursing യോഗ്യതയുള്ളവർ വന്നില്ല. ഹാജരായവരിൽ നിന്നും തെരഞ്ഞെടുത്ത ശ്രീമതി. രമ്യ. കെ.വി. എന്നയാൾ First Aid & Practical Nursing Course ഉം Certificate Course in Community Palliative Nursing-ഉം മാത്രമേ പാസായിട്ടുള്ളൂ. സർക്കാർ ഉത്തരവു പ്രകാരം ഇവർക്ക് ദിവസവേതനം 250/- രൂപയാണ്. ഇത് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടു നൽകാൻ നനഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

പാലിയേറ്റീവ് നഴ്സുമാർക്കുവേണ്ട നിശ്ചിത യോഗ്യതയിൽ മുകളിൽ പറഞ്ഞവ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അംഗീകരിക്കാവുന്നതല്ല എന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചു. അതിനാൽ മുകളിൽ പറഞ്ഞ ആളെ നിയമിക്കാവുന്നതല്ല.

നടപടി:-1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്

**ഖണ്ഡിക 4.51**

**ശാന്തൻപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.02.2018-ലെ B1-400/18-നമ്പർ കത്ത്**

2015-16-ൽ ബഹു. ഉടുമ്പൻചോല എം.എൽ.എയുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽ നിന്ന് ശാന്തൻപാറ ബസ് സ്റ്റാന്റ് നിർമ്മാണത്തിന് 50.00 ലക്ഷം രൂപ അനുവദിച്ചു. നിർമ്മാണ പ്രവർത്തികൾ KAICO -യെ ഏൽപ്പിച്ചു. നിർമ്മാണ ഘട്ടത്തിൽ ടോയ് ലറ്റിന് ടാങ്ക് നിർമ്മിക്കാനുള്ള സ്ഥലം പാറയായതിനാൽ എസ്റ്റിമേറ്റ് തുകയിൽ നിന്ന് അധികമായി പ്രവൃത്തി ചെയ്യേണ്ടി വന്നു. ഇതിന്റെ ചെലവ് 20.00 ലക്ഷം രൂപയാണ്. ഈ തുക KAICOയക്ക് നൽകാൻ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 20.00 ലക്ഷം രൂപ പഞ്ചായത്ത് ഈ വർഷം വകയിരുത്തിയിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തി ആയതിനാൽ തുക നൽകാൻ അനുമതി സംബന്ധിച്ച് സ്റ്റേറ്റ് പെരിഫോർമൻസ് ഓഡിറ്റ് ഓഫീസറും തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും പരിശോധിച്ച് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

നടപടി:-1) ) തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്
2) സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ,
3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

**ഖണ്ഡിക 4.81**

**കേരള ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ പ്രസിഡന്റിന്റെ 17.03.2018-ലെ കത്തും**

ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2015-16 വർഷത്തിൽ നടത്തിയ സ്പെഷ്യൽ റോഡ് മെയിന്റനൻസ് പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല. ഇതു പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയതനുസരച്ച് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകാൻ നിർദ്ദേശിക്കുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**2.4. 12.04.2018 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ**

**ഖണ്ഡിക 2.8**

പി.എം.എ.വൈ ഭവന പദ്ധതിയിൽ വീടിന്റെ യൂണിറ്റ് നിരക്ക് അർബൻ 1,50,000/- രൂപയും റൂറൽ 1,20,000/ രൂപയുമാണ്. ഇതിന്റെ 60 ശതമാനം കേന്ദ്ര സഹായമായി ലഭിക്കും. ഇത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിറ്റ് നിരക്ക് 4.00 ലക്ഷം രൂപയായി നിശ്ചയിച്ചാണ് ധനസഹായം നൽകുന്നത്. അതിനാൽ പി.എം.എ.വൈ + ലൈഫ് മിഷൻ എന്ന പേരിൽ ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) നഗരകാര്യ ഡയറക്ടർ

**ഖണ്ഡിക 2.16**

കേരള മുനിസിപ്പൽ /പഞ്ചായത്ത് രാജ് നിയമ പ്രകാരം വാർഡ്സഭകൾക്കും ഗ്രാമസഭകൾക്കും തദ്ദേശഭരണ സ്ഥാപനതല വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ക്രമീകരണങ്ങൾ ഇതുവരെയും ചെയ്തിട്ടില്ല. ഈ വിവരങ്ങൾ ശേഖരിക്കുന്നതിന് ഫോർമാറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് ഡയറക്ടറും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറും ചേർന്ന് 15.05.2018-നകം നടപടി പൂർത്തിയാക്കണം

നടപടി:- 1) ) തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
3) കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ

**ഖണ്ഡിക 2.17**

SCSP/TSP വിഭാഗത്തിലെ പൊതുപ്രോജക്ടുകൾക്ക് ഫിസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും വേണം. എന്നാൽ ബന്ധപ്പെട്ട വെറ്റിംഗ് ഉദ്യോഗസ്ഥൻ ഇതു കൃത്യമായി പരിശോധിക്കുന്നുണ്ടോ എന്നറിയാൻ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യമില്ല. വെറ്റിംഗ് നടത്തുമ്പോൾ ഇതു കൂടി രേഖപ്പെടുത്താൻ ( മാൻഡേറ്ററി) പ്രോജക്ട് പ്രൊഫോർമയിൽ ക്രമീകരണമൊരുക്കണം.

നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

**ഖണ്ഡിക 2.18**

പദ്ധതി ആസൂത്രണ - അംഗീകാര പ്രക്രിയ സുലേഖ സോഫ്റ്റ് വെയറിലൂടെയാക്കിയതുപോലെ പ്രോജക്ടുകളുടെ നിർവ്വഹണ പ്രക്രിയ സുലേഖ സോഫ്റ്റ് വെയർ വഴി വിലയിരുത്താനുള്ള ക്രമീകരണം നടത്തണം. ഉദാ: ടെണ്ടർ അംഗീകാരം, പർച്ചേയ്സ് ഓർഡർ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മുതലായവ. ഇതു സംബന്ധിച്ച് സാധ്യതാ റിപ്പോർട്ട് ഐ.കെ.എം. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന് മുമ്പ് നൽകണം.

നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

**ഖണ്ഡിക 2.23**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും പരിശോധിച്ച് നിർദ്ദേശം നൽകുന്നതിന് താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. കമ്മിറ്റി രൂപീകരണം സംബന്ധിച്ച് സ്വീകരിച്ച നടപടി.

1. പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ് -കൺവീനർ
2. ഡോ.കെ.എൻ. ഹരിലാൽ മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് & ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
3. ഡോ ഡി. നാരായണ, ഡയറക്ടർ, GIFT
4. പഞ്ചായത്ത് ഡയറക്ടർ
5. നഗരകാര്യ ഡയറക്ടർ
6. ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
7. ജോയിന്റ് സെക്രട്ടറി, സ്റ്റേറ്റ് ഫിനാൻസ് സെൽ

8. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്
9. ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

## 3. പൊതു വിഷയങ്ങൾ

==================

3.1 പല തദ്ദേശഭരണ സ്ഥാപനങ്ങളും ജില്ലാ ആസൂത്രണ സമിതിയിൽ സമർപ്പിക്കാതെ പ്രോജക്ടുകൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകുന്നുണ്ട്. കൂടാതെ വെറ്റിംഗ് ഓഫീസർ ജില്ല/സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി എന്നിവിടങ്ങളിൽ അംഗീകാരത്തിനു സമർപ്പിക്കാതെയും കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്ക് പ്രോജക്ടുകൾ അംഗീകാരത്തിന് നൽകാറുണ്ട്. ജില്ലാ ആസൂത്രണ സമിതി/ അപ്പീൽ കമ്മിറ്റിയിലേയ്ക്ക് സമർപ്പിക്കാത്ത ഇത്തരം ആവശ്യങ്ങൾ ഇനിയും കോഓർഡിനേഷൻ കമമിറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.2 2017-18 വർഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് വളരെ മികച്ചതാണ്. എന്നാൽ ചില വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥൻമാരുടെ പദ്ധതി ചെലവ് വളരെ കുറവാണെന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018, 21.03.2018 എന്നീ യോഗങ്ങളിൽ വിലയിരുത്തിയിരുന്നു. ഈ വകുപ്പുകളും ഉദ്യോഗസ്ഥൻമാരും ഏതൊക്കയാണ് എന്നത് സംബന്ധിച്ച വിവരം തയ്യാറാക്കി അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന് മുമ്പ് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ നൽകണം.

നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

3.3 ബഡ്സ് സ്കൂൾ, വൃദ്ധർക്ക് കട്ടിൽ എന്നീ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനെ നിശ്ചയിക്കുന്നത് സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ അവ്യക്തതയുണ്ട്. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

> ഓരോ പ്രോജക്ടിനും അനുയോജ്യരായ നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സാങ്കേതിക പ്രശ്നമില്ലാത്ത പ്രോജക്ടുകൾക്ക് തദ്ദേശഭരണ സ്ഥാപനത്തിന്റെ കൂടി സാഹചര്യമനുസരിച്ച് അനുയോജ്യരായ നിർവ്വഹണ ഉദ്യോഗസ്ഥനെ നിശ്ചയിക്കാവുന്നതാണ്. ഇങ്ങനെ നിശ്ചയിക്കപ്പെടുന്ന ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥൻ ഈ പ്രോജക്ടുകൾ വെറ്റ ചെയ്യണം. ബഡ്സ് സ്കൂൾ, കട്ടിൽ വിതരണം തുടങ്ങിയ പ്രോജക്ടുകൾക്കും ഈ രീതി അവലംബിക്കേണ്ടതാണ്.

നടപടി-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.4 2017-18 വർഷം പ്രോജക്ട് ഭേദഗതിക്കായി തദ്ദേശഭരണസ്ഥാപനങ്ങൾ ജില്ലാ ആസൂത്രണസമിതിയുടെ അനുമതി വാങ്ങിയിരുന്നു. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവ വെറ്റിംഗും മറ്റും പൂർത്തിയാക്കി ജില്ലാ ആസൂത്രണസമിതിക്ക് പുനഃസമർപ്പിച്ചിട്ടില്ല. അതിനാൽ അത്തരം സ്ഥാപനങ്ങളുടെ അന്തിമ പ്രൊസീഡിംഗ്സ് എടുത്തിട്ടില്ല. ഈ തദ്ദേശഭരണസ്ഥാപനങ്ങൾ നടപടിക്രമം

പാലിച്ച് വാലിഡേഷൻ ശരിയാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രക്രിയ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. അതിനുള്ള ക്രമീകരണം ഉടനെതന്നെ സുലേഖാ സോഫ്റ്റ് വെയറിൽ ചെയ്യണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ.കെ.എം

3.5 എസ്റ്റേറ്റ് മേഖലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഭവന നിർമ്മാണ മടക്കമുള്ള പദ്ധതി നിർവഹണത്തിൽ നിലനിൽക്കുന്ന പ്രശ്നം ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു. ഇതിന്റെ പ്രാഥമിക യോഗം 08.05.2018-ൽ രാവിലെ 10.00 മണിക്ക് ബഹു.തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ തീരുമാനിച്ചു . ഈ മേഖലയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരെ യോഗത്തിൽ പങ്കെടുപ്പിക്കണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ

3.6 ലൈഫ് മിഷൻ പദ്ധതിയുടെ പ്രധാന അജണ്ട ഭവന രഹിതർക്കായി പുതിയ വീട്ട നിർമ്മാണമാണ്. മിഷൻ പ്രവർത്തനം ഇതിനായി കേന്ദ്രീകരിക്കണം. മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ നിർദ്ദേശിച്ചിരുന്നതുപോലെ സംസ്ഥാന തലത്തിൽ നടത്തേണ്ട സംഘാടക ചുമതലകൾ അതാത് സമയത്തുതന്നെ നടത്തണം. MGNREGS, കുടുംബശ്രീ, ശുചിത്വ മിഷൻ എന്നിവയുടെ പങ്കാളിത്തം മിഷൻ പ്രവർത്തനത്തിൽ ഉറപ്പാക്കണം. മറ്റു ചാരിറ്റബിൾ സ്ഥാപനങ്ങളുടെ പങ്കാളിത്തവും CSR ഫണ്ടും പരമാവധി ഉപയോഗിക്കണം. ലൈഫ് മിഷന് ലോൺ എടുക്കുമ്പോൾ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേകമായി കരാർ വെക്കേണ്ടി വരും. ഇത്തരം കാര്യങ്ങളിൽ ആവശ്യമായ മുന്നൊരുക്കവും പരിശോധനയും നടത്തി നടപടി സ്വീകരിക്കണം.

നടപടി: 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ

3.7 ലൈഫ് മിഷനുമായി ബന്ധപ്പെട്ട ഭവന പദ്ധതിയുടെ ബില്ലുകൾ പെന്റിംഗ് വരാതെ പ്രത്യേകമായി ശ്രദ്ധിക്കണം. ഇതു സംബന്ധിച്ച് ട്രഷറിയിൽ കാലതാമസം വന്നാൽ അത് പ്രത്യേകമായി അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തണം. ട്രഷറിയിലെ ബിൽ സ്റ്റാറ്റസ് സമയോചിതമായി വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

നടപടി: 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ
3) പഞ്ചായത്ത് ഡയറക്ടർ
4) നഗരകാര്യ ഡയറക്ടർ
5) ഗ്രാമവികസന കമ്മീഷണർ
6) എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ.കെ.എം

3.8 ലൈഫ് മിഷൻ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളുമായി സംയോജിപ്പിക്കുന്നത് കാര്യക്ഷമമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്ക് പരിശീലനം നൽകണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ

3.9 ഗ്രാമസഭ അംഗീകരിച്ച് അന്തിമമാക്കിയ ലൈഫ് ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി ആരേയും ഒഴിവാക്കാവുന്നതല്ല. അനർഹരായവരുണ്ടെങ്കിൽ അതിന്റെ വ്യക്തമായ കാരണം രേഖപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥൻ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണം. ഉചിതമായ തീരുമാനം ഭരണസമിതിക്ക് കൈക്കൊള്ളാവുന്നതാണ്. ആവശ്യമെങ്കിൽ തീരുമാനമെടുക്കാൻ സർക്കാരിലേയ്ക്ക് സമർപ്പിക്കണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ

3.10 റേഷൻ കാർഡ് ഇല്ല എന്നതിന്റെ പേരിൽ അർഹതയുള്ള ഒരു കുടുംബത്തേയും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കരുത്.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ

3.11 തെരുവുനായ പ്രശ്നം നഗരസഭകളിൽ രൂക്ഷമാണ്. ഇതു പരിഹരിക്കുന്നതിനുള്ള ABC പദ്ധതി കൂടുതൽ ഫലപ്രദമാക്കണം. ഇതു പ്രത്യേകമായി റിവ്യൂ ചെയ്യുന്നതിനും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നഗരകാര്യ ഡയറക്ടറേറ്റിലെ (HQ) ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്
2) നഗരകാര്യ ഡയറക്ടർ

3.12 ഗ്രാമപഞ്ചായത്തിലും നഗരസഭകളിലുമുള്ള അറവുശാലകൾ, മാലിന്യസംസ്കരണ പ്ലാന്റ്, ക്രിമിറ്റോറിയം (ആധുനീക രീതിയിലുള്ളതും പഴയതും തരംതിരിച്ച്) തയ്യാറാക്കണം. ഇതു സംബന്ധിച്ച വിവരങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ

3.13 ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർമാരെ ജില്ലാ ആസൂത്രണസമിതി യോഗങ്ങളിൽ പങ്കെടുപ്പിക്കണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) എല്ലാ ജില്ലാ കളക്ടർമാരും

3.14 തദ്ദേശഭരണ വകുപ്പിന്റെ എല്ലാ വകുപ്പ മേധാവിമാരും മിഷൻ ഡയറക്ടർമാരും കൃത്യമായും കോഓർഡിനേഷൻ കമ്മിറ്റിയിൽ പങ്കെടുക്കണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.15 ഓരോ മിഷനും നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ ചിത്രങ്ങൾ അതാത് വെബ്സൈറ്റിൽ ഇടണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)
3) മിഷൻ ഡയറക്ടർമാർ

## 4. പ്രത്യേക വിഷയങ്ങൾ

====================

### 4.1 ഔഷധി മാനേജിംഗ് ഡയറക്ടറുടെ 11.04.2018-ലെ S1-144/14-ാം നമ്പർ കത്ത്

ഔഷധിയിൽ പണമടച്ച് മരുന്ന് ലഭിക്കാൻ കാലതാമസമുണ്ടാകുകയാണെങ്കിൽ മെഡിക്കൽ ഓഫീസർമാർക്ക് ടെണ്ടർ നടപടിക്രമം പാലിച്ച് മറ്റ് ഏജൻസികളിൽ നിന്ന് മരുന്ന് വാങ്ങാൻ സർക്കാർ അനുമതി നൽകിയിരുന്നു. ഈ തീരുമാനം പിൻവലിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഔഷധിയിൽ നിന്ന് മരുന്നു ലഭിക്കാതെ വന്നാൽ മാത്രമാണ് മറ്റ് ഏജൻസികളിൽ നിന്ന് ടെണ്ടറിലൂടെ മരുന്ന് വാങ്ങാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഇത് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തണം. അതിനാൽ ആവശ്യം പരിഗണിക്കുന്നില്ല

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

### 4.2 സിഡ്കോ ചെയർമാന്റെ 11.04.2018-ലെ SIDCO/RMD/HQ/GENL/18-19-ാം നമ്പർ കത്ത്

തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സിമെന്റ്, കമ്പി, റൂഫിംഗ് ഷീറ്റ് തുടങ്ങിയവ സിഡ്കോ വഴി വാങ്ങണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത്തരം സാധനങ്ങളുടെ മാർക്കറ്റ് വിലയും SIDCO യുടെ വിലയും താരതമ്യപ്പെടുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ സിഡ്കോ എം.ഡിയോട് നിർദ്ദേശിക്കുന്നു.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

### 4.3 പെരിങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.04.2018-ലെ A3-100/18-ാം നമ്പർ കത്തും 27.03.2018-ലെ 2(2)-ാം നമ്പർ ഭരണസമിതി തീരുമാനവും

2016-17 വർഷം പടവിനകം പാടശേഖരം വാച്ചാൽ തോട് സംരക്ഷണം (പ്രോ.നം.63/17 അടങ്കൽ 50,000/- രൂപ മെയിന്റനൻസ് ഗ്രാന്റ്) എന്ന പ്രോജക്ട് പൂർത്തിയാക്കി. 30.03.2017-ൽ ബിൽ തുകയായ 49,007/- രൂപയുടെ അലോട്ട്മെന്റ് എടുത്തുവെങ്കിലും

ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നില്ല. അതിനാൽ തുക നൽകാൻ കഴിഞ്ഞില്ല. 2017-18 വർഷം ഈ പ്രോജകട് ക്യാരി ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. ഈ തുക നൽകുന്നതിന് 2018-19-ൽ പ്രോജക്ട് എടുക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** 1) തനത്ഫണ്ടോ വികസനഫണ്ടോ ഉപയോഗിച്ച് ഈ പ്രോജക്ടിന്റെ തുക നൽകുന്നതിന് പ്രത്യേക പ്രോജക്ട് എടുക്കാൻ അനുമതി നൽകുന്നു.
2) മുകളിൽ പറഞ്ഞ പിഴവ് വരുത്തിയ ഉദ്യോഗസ്ഥനോട് വിശദീകരണം ആരാഞ്ഞ് നടപടി സ്വീകരിക്കണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ

**4.4 കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.042018-ലെ A3-2010/18-നമ്പർ കത്തും 16.04.2018-ലെ 3(1)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

ശങ്കര ജയന്തി മഹോത്സവം എന്ന പ്രോജക്ടിന് (പ്രോജക്ട് നം. 84/19- അടങ്കൽ 50000/- രൂപ തനത് ഫണ്ട്) അംഗീകാരം ലഭിച്ചു. ഇതേ പ്രോജക്ട് കഴിഞ്ഞ വർഷം നടപ്പാക്കിയിരുന്നു. (പ്രോ.നം. 36/18 - അടങ്കൽ 1.00 ലക്ഷം രൂപ തനത് ഫണ്ട്) ഇതിൽ 25,000/- മിച്ചമുണ്ട്. സ്പിൽ ഓവർ തുക കൂടി ചേർത്ത് ഈ വർഷത്തെ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** തനത് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകുന്നു.

നടപടി: 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.5 നന്നംമുക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.03.2018-ലെ A2-888/18-ാം നമ്പർ കത്തും 27.02.2018-ലെ 4(10)-ാം നമ്പർ ഭരണസമിതി തീരുമാനവും**

2017-18 വർഷം വിദ്യാഭ്യാസ മേഖലയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നു. ടെണ്ടർ നടപടി സ്വീകരിച്ച് ഈ പ്രോജക്ട് നടപ്പാക്കി. അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുമ്പായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ചില പ്രവൃത്തികൾ നേരത്തേ നടത്തിയിരുന്നു. ഇതിന് സാധൂകരണം നൽകി ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|---|
| 1 | 128/18 | കല്ലൂർമ്മ GLPS ഫ്ലോറിംഗ് | 3,25,000/ രൂപ |
| 2 | 130/18 | കല്ലൂർമ്മ LPS കെട്ടിടം അറ്റകുറ്റപ്പണികൾ | 2,75,000/- രൂപ |
| 3 | 132/18 | പള്ളിക്കര GLPS ഫ്ലോറിംഗ് | 2,80,000/ രൂപ |
| 4 | 155/18 | ലൈബ്രറി കെട്ടിടം അറ്റകുറ്റപ്പണികൾ | 1,00,000/- രൂപ |

**തീരുമാനം :-** ഈ പ്രവൃത്തിയുടെ വാല്യുവേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എടുത്ത് സാക്ഷ്യപ്പെടുത്തണമെന്ന

നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.6 മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 26.04.2018-ലെ കത്ത്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018, 21.03.2018 എന്നീ തീയതികളിലെ മിനിട്സും**

നെല്ല് സംസ്കരണ യൂണിറ്റ് എന്ന പേരിൽ (പ്രോ.നം. 117/18 അടങ്കൽ 10.00 ലക്ഷം രൂപ) 2017-18-ൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇതിന് വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയും അംഗീകാരം നിരസിച്ചു. സൗകര്യം മെച്ചപ്പെടുത്തുന്നതിന് 2.00 ലക്ഷം രൂപ , റിവോൾവിംഗ് ഫണ്ട് 3.20 ലക്ഷം രൂപ, കൈകാര്യ ചെലവ് 4.80 ലക്ഷം രൂപ എന്നിങ്ങനെയാണ് പ്രോജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018, 21.03.2018 എന്നീ തീയതികളിലെ യോഗം ഇതിന് അനുമതി നൽകിയില്ല. ഇത് പുനഃപരിശോധിച്ച് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഈ പ്രോജക്ട് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറെ ചുമതല പ്പെടുത്തി . പിന്നീട് തീരുമാനമെടുക്കും.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്

**4.7 താനൂർ നഗരസഭാ ചെയർപേഴ്സന്റെ 23.02.2018-ലെ G2-3131/17-ാം നമ്പർ കത്ത് (LSGD-DA/374/2018- LSGD)**

ചീരാൻ കടപ്പുറം GMUP സ്കൂളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നടത്തുന്നതിന് 2018-19ൽ തയ്യൽ മെഷീൻ വാങ്ങി നൽകുന്ന പ്രോജക്ട് എടുക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പരിഗണിച്ചില്ല

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.8 കൊക്കയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.03.2018-ലെ A5- 27/2016-ാം നമ്പർ കത്തും 24.10.2016-ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

2012-13 വർഷം പ്രോ.നം. 9/13 ആയി പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് നൽകുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. യൂണിറ്റ് ചെലവ് 13500/- രൂപ. ഗുണഭോക്തൃ വിഹിതം 6,310/- രൂപ . ശുചിത്വ മിഷൻ വിഹിതം 6,750/- രൂപ, പഞ്ചായത്ത് വിഹിതം 440/ -രൂപ. റെയ്ഡ്കോ മുഖേന 23 ഗുണഭോക്താക്കൾക്ക് പ്ലാന്റ് നൽകി. 1 m3 ശേഷിയുള്ള പ്ലാന്റാണ് നൽകിയത്. ശുചിത്വ മിഷൻ മാനദണ്ഡ പ്രാകാരം 0.5m3 ശേഷിയുളതിനാണ് സബ്സിഡി നൽകുന്നത്. അതിനാൽ ശുചിത്വ

മിഷൻ വിഹിതമായ 1,55,250/-രൂപ ലഭിച്ചില്ല. തനത് ഫണ്ട് ഇല്ലാത്തതിനാൽ ഈ തുക നൽകണമെന്ന് ശുചിത്വ മിഷന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പ്രത്യേകമായി പരിഗണിച്ച് അനുമതി നൽകാൻ ശുചിത്വ മിഷനോട് നിർദ്ദേശിക്കുന്നു.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.9 ബഹു. ആറന്മുള എം.എൽ.എ.യുടെ 23.03.2018-ലെ കത്തും മെഴുവേലി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 03.02.2018-ലെ കത്തും 27.01.2018-ലെ 1(1)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

മെഴുവേലി പഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിക്കാത്ത 22 പട്ടികജാതി വിഭാഗക്കാരുടെ ഭവനങ്ങളുടെ പൂർത്തീകരണം നടക്കുകയാണ്. പട്ടികജാതി വകുപ്പിൽ നിന്ന് 43,66,700/- രൂപ കോസ്റ്റ് ഫോർഡിന് കൈമാറിയാണ് നിർമ്മാണം നടത്തുന്നത്. ഈ തുക പര്യാപ്തമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് 9,50,000//- രൂപ കൂടി ഇതിന് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് നം. 49/18. ഈ തുകയും കോസ്റ്റ് ഫോർഡിന് കൈമാറാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** യൂണിറ്റ് ചെലവ് സംബന്ധിച്ച് ലൈഫ് മിഷൻ മാനദണ്ഡം പാലിക്കണമെന്ന നിബന്ധനയോടെ ഭവന നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് തുക കോസ്റ്റ് ഫോർഡിന് കൈമാറുന്നതിന് അനുമതി നൽകുന്നു.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.10 പാങ്ങോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.04.2018-ലെ A5 - 930/17-ാം നമ്പർ കത്ത്**

2016-17 വർഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്നതിന് സബ്സിഡി നൽകാൻ 6.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. (50000/- രൂപ നിരക്കിൽ 12 ഗുണഭോക്താക്കൾക്ക്) ബാങ്ക് ലോൺ നൽകുമെന്ന ധാരണയിൽ ഈ തുക കല്ലറ എസ്.ബി. ഐ. ബ്രാഞ്ചിലേയ്ക്ക് കൈമാറിയിരുന്നു. പ്രോജക്ടിൽ ബാക്ക് എൻഡ് സബ്സിഡി ആയതിനാൽ ബാങ്കിൽ നിന്ന് ലോൺ അനുവദിച്ചില്ല. ഇത് ആദ്യമേ നൽകുന്ന സബ്സിഡി ആക്കിയാൽ ലോൺ നൽകുമെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്. ഈ രീതിയിൽ സബ്സിഡി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :--** സബ്സിഡി തുക ബാങ്കിന് കൈമാറണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.11 ചിതറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.12.2017-ലെ കത്ത്**

2016-17 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ 16 ഗുണഭോക്താക്കൾക്ക് 3 സെന്റ് ഭൂമി വീതം വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. ക്രമനമ്പർ ഒന്നാമത്തെ ഗുണഭോക്താവായ ശ്രീ ഗോപാലൻ പണയിൽ വീട് എന്ന ആൾ സ്ഥലം വാങ്ങിയെങ്കിലും യഥാസമയം ആധാരം പഞ്ചായത്തിൽ നല്കാൻ വൈകിയതിനാൽ തുക നൽകിയില്ല. (1,50,000/- രൂപ) ഇദ്ദേഹത്തിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ നൽകാവുന്നതാണ്

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.12 മയ്യനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.12.2017-ലെ A3-8069/2017-ാം നമ്പർ കത്തും 15.11.2017-ലെ 3(4)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

പഞ്ചായത്തിൽ 18.09.2015 മുതൽ പ്രവർത്തനം നടത്തുന്ന സ്ഥാപനമാണ് മയ്യനാട് ഗ്രാമപഞ്ചായത്ത് ബാലികാ സദനം. സർക്കാരിൽ നിന്ന് 90 ശതമാനം ഗ്രാന്റ് അനുവദിച്ചിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ലഭിച്ചില്ല. 2018 ഏപ്രിൽ ഒന്നു മുതൽ ഗ്രാന്റ് ലഭിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പളം, കെട്ടിടത്തിന്റെ വാടക, മറ്റു ചെലവുകൾ എന്നിവയ്ക്കായി ഇന്നവേറ്റീവ് പ്രോജക്ട് എന്ന നിലയിൽ 14,88,000/- രൂപ ഉൾപ്പെടുത്തി (തനത് ഫണ്ട്) അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ടിലെ തുക ഉൾപ്പെടുത്തി 01.04.2017- മുതലുള്ള ജീവനക്കാരുടെ ശമ്പളം അടക്കമുള്ള മറ്റു ചെലവുകൾ നിർവഹിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി: 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.13 ഇടുക്കി ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 26.04.2018-ലെ B1-1233/16-ാം നമ്പർ കത്തും അനുബന്ധ കുറിപ്പും**

ജില്ലാ പഞ്ചായത്തിന്റെ വിവിധ കെട്ടിടത്തിലെ പഴയ വയറിംഗ് മാറ്റി പുതിയ വയറിംഗിനായി പ്രോജക്ട് തയ്യാറാക്കിയിരുന്നു. വൈദ്യുതി മീറ്റർ സ്ഥാപിക്കൽ 5,00,000/- രൂപ . വിവിധ കെട്ടിടങ്ങളുടെ വൈദ്യുതീകരണം 10,00,000/- രൂപ. ഈ പ്രവൃത്തികൾ ടെണ്ടർ നടപടി കൂടാതെ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രയെ ഏൽപ്പിച്ചു. പ്രവൃത്തിയുടെ നല്ലൊരു ഭാഗം ചെയ്തു കഴിഞ്ഞു. തുക നൽകാത്തതിനാൽ നിർമ്മിതി കേന്ദ്രം പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. വൈദ്യുതീകരണത്തിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ല നിർമ്മിതി കേന്ദ്രം . അതിനാൽ തുക നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ ഇതു പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

നടപടി: 1) തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്

## 4.14 ചിതറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.04.2018-ലെ കത്ത്

MLASDF-ൽ നിന്ന് ഇടപ്പണ ട്രൈബൽ സ്കൂളിന് ഒരു ബസ് അനുവദിച്ചിട്ടുണ്ട്. ബസിന്റെ ഇൻഷ്വറൻസും ടാക്സും പഞ്ചായത്തിൽ നിന്നടച്ചാൽ ഡ്രൈവറുടെ വേതനവും ഇന്ധന ചെലവും പട്ടികവർഗ്ഗ വികസന വകുപ്പ് നൽകാമെന്നറിയിച്ചിട്ടുണ്ട്. ഇൻഷ്വറൻസും ടാക്സും അടക്കം 57000/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നടയ്ക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

## 4.15 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 27.04.2018-ലെ plg.220/18-19/ DPC/DPO/ TVPM നമ്പർ കത്ത്

(1) ജില്ലയിൽ ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടായി 16,500 കിണറുകൾ റീ ചാർജ്ജുചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മണ്ണുജല സംരക്ഷണ ത്തിന്റെ ഭാഗമായതിനാൽ ഈ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസറാണ്. എന്നാൽ വളരെയധികം കിണറുകൾ ഉള്ളതിനാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ കൂടി ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** (i) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി തീരുമാനപ്രകാരം കൃഷി ഓഫീസർ/വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവരെ ചുമതല പ്പെടുത്താൻ അനുമതിനൽകുന്നു.

(2) ജില്ലയിൽ 4080 ഭവനങ്ങളെ ഹരിത ഭവനങ്ങളാകുന്ന പദ്ധതിയിൽ കിണർ റീ ചാർജ്ജിംഗ് ഒരു ഘടകമാണ്. ഇത്തരം പ്രോജക്ടുകൾ കൃഷി ഓഫീസർമാർ മുഖേന തന്നെ നടപ്പാക്കാൻ നിർദ്ദേശിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം :-** (i) ഹരിത മിഷനുമായി ബന്ധപ്പെട്ടതിനായ തിനാൽ ഇവ കൃഷി ഓഫീസർ മുഖേന നടപ്പാക്കേണ്ടതാണ്

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4.16 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.12.2017-ലെ DDB3 - 753/12 CE/തസ്വഭവ കത്ത്

നിർമ്മാണ പ്രവൃത്തികളുടെ GST, Input Tax കിഴിച്ചതിനുശേഷം അടയ്ക്കണമെന്നാണ് സർക്കാർ നിർദ്ദേശം. Input Tax കുറയ്ക്കാനായി ഓരോ പ്രവൃത്തിക്കും പ്രത്യേകമായി രേഖ സമർപ്പിക്കുന്നത് അപ്രായോഗികമായതിനാൽ ഇതു സംബന്ധിച്ച് 15.11.2017-ലെ

കോഓർഡിനേഷൻ കമ്മിറ്റി തീരുമാനവും ഇതിന്റെ അടിസ്ഥാനത്തിലുള്ള 27.11.2017-ലെ DB3-9058/17/CE/തസ്വഭവ നമ്പറായ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ സർക്കുലറും പുനഃപരിശോധിക്കണമെന്നത് സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം പരിഗണിച്ചില്ല

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.17 പാനൂർ നഗരസഭാ ചെയർ പേഴ്സന്റെ കത്ത് (ലഭിച്ചത് 12.04.2018)**

2017-18 വാർഷിക പദ്ധതിയിൽ താഴെ പറയുന്ന പ്രോജക്ടുകളുടെ നിർവഹണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ് (ലോക ബാങ്ക് വിഹിതം).ലോകബാങ്ക് വിഹിതം ഇനിയും ലഭിക്കാത്തതിനാൽ ഈ പ്രോജക്ടുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

| ക്രമ നം | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|
| 1 | അണിയാരം ബാവാച്ചി റോഡ് റീ - ടാറിംഗ് (പ്രവർത്തി പുരോഗമിക്കുന്നു) | 14,00000/- |
| 2 | പുതിയേറ്റും കണ്ടി മൊകേരി പഞ്ചായത്ത് റോഡ് റീ-ടാറിഗ് (പ്രവർത്തികഴിഞ്ഞു) | 3,50,000/- |
| 3 | പി.കെ.മുക്ക് - ബൈപ്പാസ് റോഡ് (പ്രവർത്തി കഴിഞ്ഞു.) | 2,95,000/- |
| 4 | തെക്കേ പാനൂർ ചീളുപറമ്പത്ത് റോഡ് (റീ-ടാറിംഗ് പുരോഗമിക്കുന്നു) | 2,95,000/- |
| 5 | തുണ്ടിയിൽ താഴെമഠത്തിൽ റോഡ് (റീ-ടാറിംഗ് പുരോഗമിക്കുന്നു) | 2,95,000/- |
| 6 | തൈക്കണ്ടി താഴെ പി.എം.ജി.എസ് വൈ റോഡ് (റീ ടാറിംഗ് പുരോഗമിക്കുന്നു) | 2,15,000/- |

**തീരുമാനം :-** സ്പിൽ ഓവർ പ്രോജക്ട് തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം 12.04.2018 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 02.05.2018-ലെ ഡി.എ1/439/208/തസ്വഭവ സർക്കുലർ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.18 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.04.2018-ലെ 3253/ഓ/2017/SM / നമ്പർ കത്ത്**

കേന്ദ്ര ഡ്രിംങ്കിംഗ് വാട്ടർ ആന്റ് സാനിട്ടേഷൻ മന്ത്രാലയത്തിന്റെ സഹായത്തോടെ ശുചിത്വ മേഖലയിൽ ഒരു പദ്ധതി കാലടിയിൽ നടപ്പാക്കുന്നുണ്ട്. ഇന്ത്യയിൽ Swatch

Iconic Places ആയി തെരഞ്ഞെടുക്കപ്പെട്ട 100 പ്രദേശങ്ങളിൽ ഒന്നാണ് കാലടി ആദി ശങ്കരാചാര്യരുടെ മണ്ഡപവും സമീപ പ്രദേശവും. ഇതിനായി 22,61,55,260/- രൂപയുടെ പദ്ധതി കേന്ദ്ര മന്ത്രായലയത്തിനു സമർപ്പിച്ചിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| 1) | ബി.പി.സി.എൽ ന്റെ CSR വിഹിതം | - | 8,53,80,508.00 | രൂപ |
| 2) | സ്വച്ഛ ഭാരത മിഷൻ (G) | - | 1,34,00,000.00 | |
| 3) | സ്വച്ഛ ഭാരത മിഷൻ (U) | - | 58,80,000.00 | |
| 4) | സ്വച്ഛ ഭാരത മിഷൻ (ICE) | - | 11,07,000.00 | |
| 5) | ശുചിത്വ കേരളം സ്റ്റേറ്റ് പ്ലാൻ ഫണ്ട് | - | 1,51,90,000.00 | |
| 6) | എം.എൽ.എ. എസ്.ഡി.എഫ് | | 3,75,97,752.00 | |
| 7) | ഡി.റ്റി.പി.സി. വിഹിതം | | 6,76,00,000.00 | |
| | **ആകെ** | | 22,61,55,260.00 | |

ഈ പ്രോജക്റ്റിന് ഭരണാനുമതിയും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ അനുമതിയും നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** കാലടി പഞ്ചായത്തു മുഖേന നിർവഹണം നടത്തുന്നതു സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി തീരുമാന മെടുക്കണം. മറ്റ വകുപ്പിൽ നിന്ന് ഭരണാനുമതി ആവശ്യമുണ്ടെങ്കിൽ അതു സഹിതം പ്രോജക്റ്റ് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കാൻ അനുമതി നൽകുന്നു.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

## 4.19 കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.05.2018 -ലെ A3 - 400/18-ാം നമ്പർ കത്ത്

പഞ്ചായത്തിന്റെ ആധുനിക അറവുശാല നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഇനിയും 50.00 ലക്ഷം രൂപ കൂടി ആവശ്യമുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ പക്കലുള്ള ഫണ്ട് ശുചിത്വ മിഷനിലേയ്ക്ക് തിരിച്ചടച്ചു. ഇതു തിരികെ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയെങ്കിലേ പഞ്ചായത്തിനു തുക ലഭിക്കു എന്നതിനാൽ ഈ തുക അനുവദിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു

**തീരുമാനം :-** ഇത് പരിശോധിച്ച് നടപടി സ്വീകരിക്കാൻ ശുചിത്വ മിഷൻ ഡയറക്ടറോട് നിർദ്ദേശിക്കുന്നു.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

(യോഗം വൈകിട്ട് 4.30-ന് അവസാനിച്ചു.)

********